KANNUR UNIVERSITY
കണ്ണൂർ സർവകലാശാല

(ഡി ഒ എ )

ഡി ഒ എ /A3/289/2026 തീയതി: 20.08.2026

**കണ്ണൂർ സർവകലാശാല: പുതിയ പി.ജി. കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു**

കണ്ണൂർ സർവകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലേക്ക് 2026-27 അധ്യയന വർഷത്തിൽ പുതുതായി ആരംഭിച്ച ബിരുദാനന്തര ബിരുദ (PG) കോഴ്സുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. ചൊക്ലി കോടിയേരി ബാലകൃഷ്ണൻ സ്മാരക ഗവൺമെന്റ് കോളേജിലെ M.Com. Logistics and Supply Chain Management (15 സീറ്റുകൾ), ഇരിട്ടി മഹാത്മാഗാന്ധി കോളേജിലെ M.Sc. Data Science (20 സീറ്റുകൾ) എന്നീ കോഴ്സുകളിലേക്ക് യോഗ്യരായ വിദ്യാർത്ഥികൾക്ക് സർവകലാശാലയുടെ ഏകജാലക സംവിധാനം (CAP) വഴി ഓൺലൈനായി 29.08.2026 തീയതി വരെ അപേക്ഷിക്കാവുന്നതാണ്.

ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. നേരത്തെ അലോട്ട്മെന്റ് ലഭിച്ചവർ (കോളേജുകളിൽ താത്കാലികമായോ സ്ഥിരമായോ പ്രവേശനം നേടിയവർ, അലോട്ട്മെന്റിൽ നിന്നും പുറത്തായവർ എന്നിവരുൾപ്പെടെ) അഡ്മിഷനിൽ പങ്കെടുക്കുന്നതിനായി പ്രൊഫൈലിൽ ലോഗിൻ ചെയ്ത് 200/- രൂപ കറക്ഷൻ ഫീ ഒടുക്കേണ്ടതാണ്. കറക്ഷൻ ഫീസിനത്തിൽ 200/- രൂപ ഒരു തവണ ഒടുക്കിയിട്ടുള്ളവർക്കും, ഇത് വരെ അലോട്ട്മെന്റുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തവർക്കും, പുതുതായി രജിസ്റ്റർ ചെയ്യുന്നവർക്കും കറക്ഷൻ ഫീസൊടുക്കാതെ തന്നെ ഓപ്ഷനുകൾ ഉൾപ്പെടുത്തി പ്രവേശന പ്രക്രിയയിൽ പങ്കെടുക്കാവുന്നതാണ്.

അപേക്ഷകൾ ആരും തന്നെ കോളേജിൽ നേരിട്ട് ഹാജരാക്കുകയോ ഇ മെയിൽ അയക്കുകയോ ചെയ്യേണ്ടതില്ല. റാങ്ക് ലിസ്റ്റ് 31.08.2026 വൈകുന്നേരം 3 മണിക്ക് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. റാങ്ക് ലിസ്റ്റ് പ്രകാരം യോഗ്യരായ വിദ്യാർത്ഥികളെ കോളേജ് അധികൃതർ, അപേക്ഷയിൽ നൽകിയ ഫോൺ നമ്പർ മുഖേന ബന്ധപ്പെടുന്നതായിരിക്കും. പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ 2026 സെപ്റ്റംബർ 01ന് ബന്ധപ്പെട്ട കോളേജുകളിൽ നേരിട്ടെത്തി അഡ്മിഷൻ എടുക്കേണ്ടതാണ്.

ss Release(Malayalam) of File DOA/A3/289/2026 (PART-II) Approved by Director Directorate of admission on 20-Aug-2026 02:42 PM - Page 1

ഇതിനകം പ്രവേശനം ലഭിച്ച അപേക്ഷകർ, അഡ്മിഷൻ ലഭിച്ച കോളേജുകളിൽ പ്രവേശനത്തിന് ഹാജരായി പ്രവേശനം ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ മുൻപ് പ്രവേശനം ലഭിച്ച കോളേജിൽ നിന്ന് ടി.സി വാങ്ങേണ്ടതുള്ളൂ.

ഹെല്പ്ലൈൻ നമ്പർ : 04972766388, 04972715227

ഇ മെയിൽ : pgdoa@kannuruniv.ac.in

ഒപ്പ്/-

ഡയറക്ടർ ഡയറക്ടറേറ്റ് ഓഫ്

അഡ്മിഷൻ

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1. പി.ആർ.ഒ.
2. വെബ് മാനേജർ
3. പി. എസ്. ടു വിസി/ പി.എ. ടു രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ

ss Release(Malayalam) of File DOA/A3/289/2026 (PART-II) Approved by Director Directorate of admission on 20-Aug-2026 02:42 PM - Page 2

കണ്ണൂർ സർവകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലേക്ക് 2026-27 അധ്യയന വർഷത്തിൽ ആരംഭിച്ച പുതിയ ബിരുദാനന്തര ബിരുദ (PG) കോഴ്സുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. ചൊക്ലി കോടിയേരി ബാലകൃഷ്ണൻ സ്മാരക ഗവൺമെന്റ് കോളേജിലെ M.Com. Logistics and Supply Chain Management (15 സീറ്റുകൾ), ഇരിട്ടി മഹാത്മാഗാന്ധി കോളേജിലെ M.Sc. Data Science (20 സീറ്റുകൾ) എന്നീ കോഴ്സുകളിലേക്ക് യോഗ്യരായ വിദ്യാർത്ഥികൾക്ക് സർവകലാശാലയുടെ ഏകജാലക സംവിധാനം (CAP) വഴി ഓൺലൈനായി 29.08.2026 വരെ അപേക്ഷിക്കാവുന്നതാണ്.

നിലവിൽ ബിരുദാനന്തര പ്രോഗ്രാമിന് അപേക്ഷ നല്കിയവർക്കും, ഏതെങ്കിലും കോളേജുകളിൽ പ്രവേശനം നേടിയവർക്കും പ്രൊഫൈലിൽ ലോഗിൻ ചെയ്ത് മേൽ പ്രോഗ്രാം ഒരു ഓപ്ഷനായി കൂട്ടിച്ചേർക്കാവുന്നതുമാണ്.

അപേക്ഷകൾ ആരും തന്നെ കോളേജിൽ നേരിട്ട് ഹാജരാക്കുകയോ ഇ മെയിൽ അയക്കുകയോ ചെയ്യേണ്ടതില്ല. റാങ്ക്ലിസ്റ്റ് **31.08.2026 വൈകുന്നേരം 3 മണിക്ക്** വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. റാങ്ക് ലിസ്റ്റ് പ്രകാരം യോഗ്യരായ വിദ്യാർത്ഥികളെ കോളേജ് അധികൃതർ, അപേക്ഷയിൽ നൽകിയ ഫോൺ നമ്പർ മുഖേന ബന്ധപ്പെടുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് 0497 2715227, 0497 2766388 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. അഡ്മിഷൻ വെബ്സൈറ്റ്: admissions.kannuruniversity.ac.in, ഇ-മെയിൽ ഐഡി: pgdoa@kannuruniv.ac.in.

ss Release(Malayalam) of File DOA/A3/289/2026 (PART-II) Approved by Director Directorate of admission on 20-Aug-2026 02:42 PM - Page 3